രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 25-10-2017

ഫയൽ നം.എക്സ്പെ.എ2(പെൻ.ബി3)/103/2017/ധന.(406939) ഇനം നം: 1561

വിഷയം : ധനകാര്യ വകുപ്പ് - കേരള സർവീസ് റൂൾസ് ഭാഗം III ചട്ടം 90 (6)-ലെ മുൻഗണന പട്ടികയ്ക്ക് അനുസൃതമായി പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരാവകാശികൾക്ക് കുടുംബ പെൻഷൻ പുതുക്കി നിശ്ചയിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്.

26/10/17

Urgent pl

AS (Pens)

1561

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എക്സ്പെഎ 2( പെൻ ബി 3)/103/2017/ധന (406939) |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 90 (6) ലെ മുൻഗണന പട്ടികയ്ക്ക് അനുസൃതമായി പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരവകാശികൾക്ക് കുടുംബപെൻഷൻ പുതുക്കി നിശ്ച്ചയിക്കുന്നതു സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/10/17 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.കെ.രാജശ്രീ |
| 8 | കുറിപ്പ് അംഗീകരിച്ച എക്സ്പെൻഡീച്ചർ സെക്രട്ടറിയുടെ പേര് | ഡോ. ഷർമ്മിള മേരി ജോസഫ് ഐ എ എസ്. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് എക്സ്പെൻഡീച്ചർ സെക്രട്ടറി അംഗീകരിച്ച തീയതി | 13/10/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. കെ എം. എബ്രഹാം |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/10/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. റ്റി . എം. തോമസ് ഐസക്ക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 19/10/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23/10/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. മന്ത്രിസഭായോഗത്തിനുള്ള ഈ കുറിപ്പ് കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 90 (6) ലെ മുൻഗണന പട്ടികയ്ക്ക് അനുസൃതമായി പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരവകാശികൾക്ക് കുടുംബപെൻഷൻ പുതുക്കി നിശ്ച്ചയിക്കുന്നതു സംബന്ധിച്ചിട്ടുള്ളതാണ്.

2. കെ എസ് ആറിലെ വ്യവസ്ഥകൾ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ കുടുംബ പെൻഷനും ബാധകമാക്കണമെന്ന ശ്രീമതി ഷീലാകുമാരിയുടെ നിവേദനമാണ് ഈ കുറിപ്പിനാധാരം . കെ എസ് ആർ ഭാഗം 3 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 10 വർഷത്തെ യോഗ്യസേവനകാലം ഉണ്ടെങ്കിൽ പെൻഷനും കുടുംബ പെൻഷനും അർഹതയുണ്ടെന്ന വ്യവസ്ഥ മുഖ്യമന്ത്രി , പ്രതിപക്ഷ നേതാവ് , മന്ത്രിമാർ , സ് പീക്കർ , ഡെപ്യൂട്ടി സ് പീക്കർ , ഗവ : ചീഫ് വിപ്പ് എന്നിവരുടെ പേഴ് സണൽ സ്റ്റാഫിൽ നിയമിതരായവർക്കും ബാധകമാക്കി എക് സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുവാനും അതിനുശേഷം ബന്ധപ്പെട്ട ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാനും ബഹു മുഖ്യ മന്ത്രി ഉത്തരവിട്ടിരുന്നു.

3. പേഴ്സണൽ സ്റ്റാഫിന്റെ നിയമനം , വേതനം , സേവനം എന്നിവ നിർണ്ണയിച്ചിരിക്കുന്നത് 03.03.1959 ലെ സ . ഉ ( കൈ ) നം . 343/ പി . ഡി /1959 പ്രകാരമാണ്. 23.09.1994 ലെ സ . ഉ ( കൈ ) നം . 283/94/ പൊ . ഭ . വ പ്രകാരം 2 വർഷവും ഒരു ദിവസവും സേവനമുള്ള വിരമിച്ച പേഴ്സണൽ സ്റ്റാഫിന് പെൻഷനു അർഹതയുണ്ട്. 01.12.2010 ലെ സ . ഉ ( കൈ ) നം . 391/2010/ പൊ . ഭ . വ പ്രകാരം 01.04.1982 നു ശേഷം നിയമിതരായവരും മിനിമം പെൻഷനു അർഹതയുണ്ടായിരുന്നതുമായ പേഴ്സണൽ സ്റ്റാഫ് ജീവനക്കാരന്റെ അർഹമായ കുടുംബാംഗങ്ങൾക്കു പ്രതിമാസം 600/- രൂപ നിരക്കിൽ കുടുംബ പെൻഷൻ

അനുവദിക്കുകയുണ്ടായി.15.08.2016 ലെ സ . ഉ ( പി ) നം . 116/16/ ധന പ്രകാരം പേഴ്സണൽ സ്റ്റാഫിന്റെ മിനിമം പെൻഷൻ / കുടുംബപെൻഷൻ 2400/- രൂപയാണ് ടി വിഭാഗത്തിന് 300/- രൂപ മെഡിക്കൽ അലവൻസും കുടുംബ പെൻഷനു ക്ഷാമാശ്വാസവും അനുവദിച്ച് വരുന്നു.

4. ബഹു. മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പേഴ്സണൽ സ്റ്റാഫിന്റെ മിനിമം പെൻഷൻ / കുടുംബപെൻഷൻ 2400/- രൂപയായി പരിഷ്കരിച്ചത്.ആയതിനാൽ, കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 90 (6) ലെ മുൻഗണന പട്ടികയ്ക്ക് അനുസൃതമായി പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരവകാശികൾക്ക് കുടുംബപെൻഷൻ പുതുക്കി നിശ്ചയിക്കുന്നതിനും ബഹു. മന്ത്രിസഭായോഗ തീരുമാനത്തിന്റെ അനുമതി ആവശ്യമാണ്.

5. കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 90 (6) ലെ മുൻഗണന പട്ടികയ്ക്ക് അനുസൃതമായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരവകാശികൾക്ക് കുടുംബപെൻഷൻ പുതുക്കി നിശ്ചയിക്കാവുന്നതാണ്.

(i) 01.04.1982 ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ച് വിരമിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തവരുടെ അർഹരായ കുടുംബാംഗങ്ങൾക്കു ,വിരമിക്കൽ സമയത്ത് പെൻഷനർക്ക് അനുവദിച്ച / ലഭിക്കുമായിരുന്ന പെൻഷന്റെ പകുതി കുടുംബ പെൻഷനായി അനുവദിക്കാവുന്നതാണ് .

(ii) ഇത്തരത്തിൽ കണക്കാക്കുന്ന കുടുംബ പെൻഷൻ പേഴ്സണൽ സ്റ്റാഫിന്റെ മിനിമം കുടുംബ പെൻഷനെക്കാൾ കുറവാണെങ്കിൽ മിനിമം കുടുംബ പെൻഷനായ 2400 രൂപ അനുവദിക്കാവുന്നതാണ് .

(iii) പേഴ്സണൽ സ്റ്റാഫ് സർവ്വീസിലിരിക്കെ കുറഞ്ഞ പെൻഷനു അർഹത നേടിയതിനു ശേഷം മരണമടഞ്ഞ ജീവനക്കാരന്റെ അനന്തരവകാശികൾക്കും മുൻ ഖണ്ഡിക ( i) പ്രകാരം കുടുംബ പെൻഷൻ നൽകാവുന്നതാണ് .

(iv) 01.04.1982 ന് ശേഷം നിയമിതരായതും പെൻഷനു അർഹത നേടാതെ മരണമടഞ്ഞതുമായ പേഴ്സണൽ സ്റ്റാഫ് ജീവനക്കാരന്റെ അർഹരായ

കുടുംബാംഗങ്ങൾക്കു ഉത്തരവ് തീയതി മുതൽ പേഴ്സണൽ സ്റ്റാഫിന്റെ മിനിമം കുടുംബ പെൻഷനു അർഹത നൽകാവുന്നതാണ് .

(v) ഉത്തരവ് തീയതി മുതൽ മാത്രം പുതിയ നിരക്കിലുള്ള കുടുംബ പെൻഷനു സാമ്പത്തിക ആനുകൂല്യം നൽകാവുന്നതാണ് .

6. ഇക്കാര്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്.

**<u>തീരുമാനിക്കേണ്ടുന്ന വിഷയം</u>**

കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 90 (6) ലെ മുൻഗണന പട്ടികയ്ക്കു അനുസൃതമായി മുൻ ഖണ്ഡിക 5 ലെ വ്യവസ്ഥകൾ പ്രകാരം പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരവകാശികൾക്ക് കുടുംബപെൻഷൻ പുതുക്കി നിശ്ചയിക്കാമോ?